**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6227** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഇ-ചാർജ്ജിംഗ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇ-കാറിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | കേന്ദ്ര ഊർജ്ജ മന്ത്രാലയം 14.02.2022 ൽ പുറപ്പെടുവിച്ചിട്ടുള്ള "charging infrastructure for electric vehicles (EV)-The revised consolidated guidelines & standards പ്രകാരം ഏതൊരു വ്യക്തിക്കോ സ്ഥാപനത്തിനോ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാവുന്നതാണ്. അത്തരം സ്റ്റേഷനുകൾ ഇന്ത്യാ ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള സാങ്കേതിക, സുരക്ഷ, പെർഫോർമൻസ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മറ്റ് അനുമതികൾ ആവശ്യമില്ല |
| (ബി) | ഇത്തരം ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന പുതിയ ചാർജ്ജിംഗ് മെഷിനുകൾക്ക് സർക്കാർ സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) | കേരള ഗവൺമെന്റിന്റെ EV പോളിസി പ്രകാരം ആദ്യമായി സ്ഥാപിക്കുന്ന 100 DC ഫാസ്റ്റ് ചാർജിംഗ് മെഷീനിനുകൾക്ക് വിലയുടെ 25% അനെർട്ട് മുഖേന സബ്സിഡി നൽകി വരുന്നു. |
| (സി) | പൊതുവൈദ്യുത വാഹന ചാർജ്ജിംഗ് നിലയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (സി) | കേന്ദ്ര ഊർജ്ജ മന്ത്രാലയം 14.02.2022 ൽ പുറപ്പെടുവിച്ചിട്ടുള്ള "charging infrastructure for electric vehicles (EV)-The revised consolidated guidelines & standards പ്രകാരം ഏതൊരു വ്യക്തിക്കോ സ്ഥാപനത്തിനോ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാവുന്നതാണ്. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മറ്റ് അനുമതികൾ ആവശ്യമില്ല. എന്നാൽ അത്തരം സ്റ്റേഷനുകൾ ഇന്ത്യാ ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള സാങ്കേതിക, സുരക്ഷ, പെർഫോർമൻസ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ